# ലൈഫ് ഇൻഷ്വുറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യ

## ഒരു അവലോകനം – 2023

- 38 ലക്ഷം കോടിയുടെ ആസ്തി.
- ഒരു ലക്ഷത്തി പതിനാലായിരം ജീവനക്കാർ
- 13 ലക്ഷം ഏജന്റ്മാർ
- 42 കോടി പോളിസി ഉടമകൾ
- 1818 ൽ ഇന്ത്യയിൽ ഇൻഷ്വുറൻസ് കമ്പനികൾ ആരംഭിച്ചു.
- ഓറിയന്റൽ ലൈഫ് ഇൻഷ്വുറൻസ് എന്ന ബ്രിട്ടീഷ് കമ്പനി ആദ്യ സ്ഥാപനം.
- ഇതിന് പിന്നാലെ നിരവധി കമ്പനികൾ നിലവിൽ വന്നു.
- ആദ്യകാലങ്ങളിൽ ഇന്ത്യക്കാർക്ക് പോളിസികൾ നൽകിയിരുന്നില്ല.
- സ്വതന്ത്ര ഇന്ത്യയിൽ 245 ഓളം സ്വദേശ-വിദേശ കമ്പനികൾ ഉണ്ടായിരുന്നു.
- ഇവരുടെ മത്സരവും ചൂഷണവും അസഹനീയമായിരുന്നു.
- ഇത് മനസ്സിലാക്കിയ ജവഹർലാൽ നെഹ്റു 245 സ്ഥാപനങ്ങളെയും 1956 സെപ്റ്റംബർ 1 ന് ദേശവൽക്കരിച്ച് LIC സ്ഥാപിച്ചു.
- 1973 ൽ ഇന്ദിരാഗാന്ധി എല്ലാ ജനറൽ ഇൻഷ്വുറൻസ് കമ്പനികളും ദേശവൽക്കരിച്ചു.
- രാജ്യത്തെ കുടിവെള്ളം, കാർഷിക ജലപദ്ധതികൾ, വൈദ്യുതി ഉൽപാദനം, റോഡുകൾ, പാലങ്ങൾ, വൻകിട കമ്പനികൾ, എയർപോർട്ടുകൾ, തുറമുഖങ്ങൾ എന്നീ മേഖലകളിലെ സർക്കാരിന്റെ പ്രവർത്തനങ്ങളുടെ സാമ്പത്തിക സഹായ തണലായി നിന്നുട്ടുള്ളത് പ്രധാന മായും LIC ആണ്.
- പ്രതിവർഷം 6 ലക്ഷം കോടിയുടെ വരവും 3000 കോടി ഓളം ലാഭവും നേടുന്ന സ്ഥാപനമാ യി ഇന്ന് LIC മാറിയിരിക്കുന്നു.
- ലാഭത്തിന്റെ 5% മാത്രം സർക്കാർ വിഹിതമായി എടുക്കുകയും ബാക്കി 95% ഉം പോളിസി ഉടമകൾക്ക് ബോണസ്സ് ആയി നൽകുകയും ചെയ്യുന്ന ലോകത്തിലെ ഏക ഇൻഷ്വുറൻസ് സ്ഥാപനമാണ് LIC.
- 1991 ൽ ആഗോള സ്വകാര്യവൽക്കരണം വന്നതിന് ശേഷം നിരവധി വിദേശ സ്വദേശ കമ്പ നികൾ പലവിധ വാഗ്ദാനങ്ങൾ നൽകി രാജ്യത്ത് നിലവിൽ വന്നു. എന്നാൽ അവയിൽ പലതും ഇന്ന് അടച്ചുപൂട്ടിയിരിക്കുന്നു. ഇതുമൂലം കോടികളുടെ നഷ്ടം സാധാരണക്കാർക്ക് ഉണ്ടായി.
- ഈ അവസ്ഥയിലേക്ക് LIC യെയും തള്ളിവിട്ട് കൊള്ളയടിയ്ക്ക് അവസരം ഒരുക്കുകയാണ് സ്വകാര്യവൽക്കരണത്തിലൂടെ മോദി സർക്കാർ ലക്ഷ്യമിടുന്നത്.
- 1991 ൽ കേൺഗ്രസ്സ് നടപ്പിലാക്കിയ ആഗോളവൽക്കരണമാണ് ഇതിനെല്ലാം കാരണം എന്ന വാദവും വിമർശനവും അടിസ്ഥാനരഹിതമാണ്.

- ആഗോളവൽക്കരണവും ഉദാരവൽക്കരണവും ലോകമാകെ ഒരു യഥാർത്ഥ്യമാണ്.
- 1978 വരെ കാപ്പിറ്റലിസം-സോഷ്യലിസം-ഫാബിയൻ സോഷ്യലിസം എന്നിങ്ങനെ 3 സാമ്പത്തിക നയസമ്പ്രദായം ലോകത്ത് നിലനിന്നു.
- അമേരിക്കയും യൂറോപ്യൻ രാജ്യങ്ങളും തങ്ങളുടേതായ കാപ്പറ്റിലസം തുടർന്നു.
- സോവിയറ്റ് യൂണിയനും ചൈനയും സോഷ്യലിസം തുടർന്നു വന്നു.
- ഇന്ത്യ ഫാബിയൻ സോഷ്യലിസത്തിന്റെ (സമ്മിശ്ര സമ്പദ്വ്യവസ്ഥ) പാതയിലായിരുന്നു.
- 1976 ൽ മാവോസെതുംഗിന്റെ മരണശേഷം ചൈനയിൽ അധികാരത്തിൽ വന്ന ഡെങ് സിയവോപിംഗ് “പൂച്ച കറുത്തതോ വെളുത്തതോ എന്ന് നോക്കണ്ട, എലിയെ പിടിക്കുന്നുണ്ടോ എന്ന് നോക്കിയാൽ മതി“ എന്ന് പറഞ്ഞ് ആഗോള സ്വകാര്യവൽക്കരണത്തിന് 1978 ൽ ചൈനയിൽ തുടക്കമിട്ടു. സോഷ്യലിസ്റ്റ് മാർക്കറ്റ് എക്കണോമി എന്ന പേരും അദ്ദേഹം ഇതിന് നൽകി.
- വിദേശ കമ്പനികളുടെ പ്രവാഹം ചൈനയിലേയ്ക്ക് ഉണ്ടായി.
- സ്വകാര്യ സംരംഭങ്ങൾക്ക് അനുമതി നൽകിയതോടെ ലോക കോടീശ്വരൻമാരുടെ പട്ടികയിൽ ചൈനക്കാരും ഇടംപിടിച്ചു.
- അമേരിക്ക കഴിഞ്ഞാൽ ലോക കോടീശ്രൻമാർ ഏറെയുള്ള രാജ്യം ഇന്ന് ചൈനയാണ്.
- ലോക കോടീശ്വരൻമാരിൽ 10 ശതമാനം ചൈനക്കാരാണ്.
- ഇതിന് പിന്നാലെ 1985 ൽ ഗ്ലാസ്നോസ്റ്റ് - പെരിസ്ട്രോയിക്ക തിയറിയുമായി സോവിയറ്റ് യൂണിയനിൽ ഗോർബച്ചോബും ആഗോള സ്വകാര്യവൽക്കരണത്തെ വരവേറ്റു.
- വിദേശ കമ്പനികളുടെ കുത്തൊഴുക്ക് അവിടെയും ഉണ്ടായി.
- 6 വർഷത്തിനുള്ളിൽ 16 വ്യത്യസ്ത രാജ്യങ്ങളായി സോവിയറ്റ് യൂണിയൻ ചിന്നിച്ചിതറി. ഇങ്ങനെ വിഭജിക്കപ്പെട്ട എല്ലാ രാജ്യങ്ങളും കാപ്പിറ്റലിസം പിൻതുടർന്നു.
- സോഷ്യലിസ്റ്റ് രാജ്യങ്ങളായിരുന്ന ചൈനയും സോവിയറ്റ് യൂണിയനും കാപ്പിറ്റലിസത്തിലേയ്ക്ക് നീങ്ങിയപ്പോൾ കാപ്പിറ്റലിസത്തെ എതിർത്തു കൊണ്ട് പിന്നെ അവശേഷിച്ചത് ഫാബിയൻ സോഷ്യലിസ്റ്റ് രാജ്യമായ ഇന്ത്യ മാത്രമായിരുന്നു.
- ഇന്ത്യയിൽ അന്ന് രാഷ്ട്രീയമായി വളരെ ദുർബലമായ ഭരണമായിരുന്നു.
- 1990 ൽ ചന്ദ്രശേഖർ പ്രധാനമന്ത്രിയായുള്ള ഭരണം.
- ഈ സർക്കാരിനെ കോൺഗ്രസ്സും CPM, CPI, RSP യും മറ്റ് ഇടത്പക്ഷങ്ങളും പിൻതുണച്ചിരുന്നു.
- ഈ സന്ദർഭത്തിൽ Balance of Payment വിഷയം ഉയർത്തി IMF ഉം World Bank ഉം ഇന്ത്യയെ സാമ്പത്തിക സമ്മർദ്ദത്തിലാക്കി.
- IMF ന്റെ ഇടപെടലിൽ 67 ടൺ സ്വർണ്ണം പണയം വച്ച് വിഷയം പരിഹരിക്കാൻ തീരുമാനമായി. പണയം വച്ചു.
- ഇതോടൊപ്പം ഇന്ത്യയുടെ സാമ്പത്തിക നയങ്ങളിൽ (ഫാബിയൻ സോഷ്യലിസത്തിൽ) മാറ്റം വരുത്തണമെന്ന ഉറപ്പും രേഖാമൂലം IMF വാങ്ങിയിരുന്നു.

- 1991 ൽ തിരഞ്ഞെടുപ്പ് വന്നു. നരസിംഹ റാവു പ്രധാനമന്ത്രി, മൻമോഹൻ സിംഗ് ധനമന്ത്രി.
- CPM, CPI, RSP യും ഉൾപ്പെടെയുള്ള ഇടതുപക്ഷങ്ങൾ പിൻതുണച്ച ചന്ദ്രശേഖർ സർക്കാർ IMF ന് നൽകിയ ഉറപ്പു പാലിക്കാൻ അവർ നിർബന്ധിതരായി.
- അങ്ങനെ 1991 ൽ ഇന്ത്യയുടെ സാമ്പത്തിക നയങ്ങൾ പൊളിച്ചെഴുതി സ്വകാര്യ ആഗോള വൽക്കരണത്തിന് തുടക്കമായി.
- അതിനാൽ ഈ നയം നടപ്പിലാക്കിയതിൽ എല്ലാ രാഷ്ട്രീയക്കാർക്കും ഉത്തരവാദിത്വമുണ്ട്.
- നരേന്ദ്ര മോദി സർക്കാർ ഈ അവസരം മുതലാക്കി തങ്ങൾക്ക് അധികാരം കിട്ടിയപ്പോൾ എല്ലാം വിറ്റുതുലച്ച് കാപ്പിറ്റലിസത്തിന്റെ എല്ലാ ദുരന്തങ്ങളും ജനങ്ങൾക്ക് മേൽ അടി ച്ചേൽപ്പിക്കുന്നു. ഇതാണ് ഇന്നത്തെ നേർക്കാഴ്ച. ഇതിനനെതിരെ ശക്തമായ പ്രതിരോധം ഉയർത്തിയെ മതിയാകൂ.

*******

WORKERS ARE THE MAKERS OF REVOLUTION HISTORY AND VICTORY

Published By V.J. Joseph, General Secretary
for INTUC Kerala State Committee